കെ. എസ്. ആർ. ടി. സി. ജീവനക്കാരനെതിരെ പോലീസ് നടപടി

82 [5638] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സിൽ നിറയെ യാത്രക്കാരെ തിരുകിക്കയറ്റിയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കെ.എസ്.ആർ.ടി.സി. ജീവനക്കാരനെതിരെ പോലീസ് കേസ്സെടുത്തിട്ടുണ്ടോ;

(ബി) തന്റേതുമാത്രമല്ലാതെയുള്ള പ്രവൃത്തിമൂലം ഉണ്ടാകുന്ന ഇത്തരം സംഭവങ്ങളിൽ ജീവനക്കാരനെ സംരക്ഷിക്കാൻ സർക്കാർ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പരമാവധി യാത്രക്കാരെ കയറ്റി കെ. എസ്. ആർ. ടി. സി. ലാഭകരമാക്കണമെന്നുള്ള കോർപ്പറേഷന്റെ നയം നടപ്പിലാക്കിയ ജീവനക്കാരനെതിരെ പോലീസ് സ്വീകരിക്കുന്ന നടപടിക്കെതിരെ കെ. എസ്. ആർ. ടി. സി. എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല. എന്നാൽ, 25-7-2003-ൽ സർവ്വീസ് നടത്തിയ റ്റി. ആർ. 956-ാം നമ്പർ ബസ്സിന്റെ മുകളിലും ഏണിപ്പടിയിലും യാത്രക്കാരെ കൊണ്ടുപോയതിന് എംപാനൽഡ് ഡ്രൈവർ ശ്രീ. സുരേഷ്കുമാറിന്റെ ഡ്രൈവിംഗ് ലൈസൻസ് ആറു മാസത്തേക്ക് സസ്പെന്റ് ചെയ്യാൻ തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിയമവിധേയമല്ലാത്ത രീതിയിൽ യാത്രക്കാരെ കൊണ്ടുപോകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ബസ്സിനകത്ത് യാത്ര ചെയ്യാതെ ഗോവണിയിലും, ചവിട്ടുപടിയിലും നിയമവിരുദ്ധമായി ആളുകളെ കയറ്റുന്നത് തികച്ചും കുറ്റകരമാണ്.

തിരുവനന്തപുരം-മംഗലാപുരം ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

83 [5639] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർവഴി കടന്നുപോകുന്ന എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ കെ. എസ്. ആർ. ടി. സി.-യുടെ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഇല്ലെങ്കിൽ ദിവസേന ഒരു തിരുവനന്തപുരം-മംഗലാപുരം ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വോൾവോ ബസ് ഉപയോഗിച്ച് തിരുവനന്തപുരം-മംഗലാപുരം സർവ്വീസ് ആരംഭിക്കുവാനും പ്രസ്തുത സർവ്വീസിന് കണ്ണൂർ, പയ്യന്നൂർ, കാഞ്ഞങ്ങാട്, കാസറഗോഡ് സ്റ്റോപ്പുകൾ അനുവദിക്കുവാനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly